**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1969** — 04.05.2017 - ൽ മറുപടിക്ക്

## അരി വില കുറയ്ക്കുന്നതിന് കൺസ്യൂമർഫെഡ് നടത്തിയ ഇടപെടലുകൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി)** |
| (എ) | പൊതുവിപണിയിലെ അരി വില കുറയ്ക്കുന്നതിന് കൺസ്യൂമർഫെഡ് നടത്തിയ വിപണി ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | പൊതുവിപണിയിലെ അരിവില കുറയ്ക്കുന്നതിനും അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിന് തീരുമാനിക്കുകയും, ഇതു വഴി 678 അരിക്കടകൾ ആരംഭിച്ച് സുവർണ്ണമസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തിവരികയും ചെയ്യുന്നു. |
| (ബി) | കൺസ്യൂമർഫെഡ് വാങ്ങുന്ന ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്? | (ബി) | കൺസ്യൂമർഫെഡ് വാങ്ങുന്ന ഭക്ഷ്യ ഉത്പന്നങ്ങളുടെ ഗുണമേന്മ സംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടുണ്ട്. ഗുണമേന്മ ഉറപ്പുവരുത്തുന്നതിലേയ്ക്കായി മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഇ-ടെൻഡർ നടത്തുന്നുണ്ട്. ഇ-ടെൻഡറും, ഇ-നെഗോഷിയേഷനും ശേഷം ക്വോട്ട് ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും അവർ സപ്ലൈ ചെയ്യാൻ ഉദ്ദേശിക്കുന്ന സാധനങ്ങളുടെ സാമ്പിൾ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. ഇത്തരത്തിൽ പരിശോധന നടത്തുന്ന വേളയിൽ കൺസ്യൂമർഫെഡിലെ ജീവനക്കാരെ കൂടാതെ പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ ഭാരവാഹികൾ, |

നീതി സ്റ്റോറിലെ ജീവനക്കാർ എന്നിവർ കൂടി ഉൾപ്പെടുന്ന പർച്ചേസ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ഗോഡൗണിൽ ഓർഡർ ചെയ്യുന്ന സാധനങ്ങൾ ലഭ്യമാകുന്ന വേളയിൽ സാമ്പിളുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. ഇത്തരം പരിശോധനയിൽ ഗുണമേന്മ ഒത്തുപോകുന്നില്ലെങ്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്ന ഏജൻസികളിൽ നിന്നും പിഴ ഈടാക്കുന്നുണ്ട്. ആവശ്യമായി വരുന്ന സാഹചര്യങ്ങളിൽ സപ്ലൈ ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തിനായി ലാബുകളിൽ അയച്ച് പരിശോധനയും നടത്താറുണ്ട്.

**സെക്ഷൻ ഓഫീസർ**